"ഭരണഭാഷ മാതൃഭാഷ"

സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്, എസ്റ്റേറ്റ് വിഭാഗം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്, എം.ജി.റോഡ്, പുത്തൻചന്ത, തിരുവനന്തപുരം-695001

ഫോൺ: 0471-2337790 ഇമെയിൽ: tdbestate@gmail.com വെബ്സൈറ്റ്: www.travancoredevaswomboard.org

***Auction No.06/EED/S/2023***

## ലേലപരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള തിരുവനന്തപുരം ഗ്രൂപ്പിലെ പുത്തൻചന്ത ദേവസ്വം വക കെട്ടിടത്തിലെ 358.72$M^2$ വിസ്തീർണ്ണമുള്ള രണ്ടാം നിലയും 310.67$M^2$ വിസ്തീർണ്ണമുള്ള അഞ്ചാം നിലയും 09/01/2023 ലെ ആർ.ഒ.സി.12871/22/എം, നമ്പർ ബോർഡ് ഉത്തരവ് പ്രകാരം **31.03.2023-ന് രാവിലെ 11.30 മണിക്ക്** പുത്തൻചന്ത ലൈബ്രറി ഹാളിൽവച്ച് പരസ്യമായി ലേലം ചെയ്തു വാടകയ്ക്ക് നൽകുന്നതാണ്. അടിസ്ഥാന തുകയായി നിശ്ചയിച്ച 3,13,600/- രൂപ, 1,98,000/- രൂപ ക്രമം ലേലം വിളി ആരംഭിക്കുന്നതും, ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 10,000/- രൂപ നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതുമാണ്. ടി തുകയ്ക്കുള്ള നിരതദ്രവ്യത്തോടു കൂടി മത്സരസ്വഭാവമുള്ള ക്വട്ടേഷനുകളും ലേലസമയത്തിന് മുമ്പാകെ ഹാജരാക്കാവുന്നതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് വിളികേൾക്കുന്ന/ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ലേലനടപടികൾ അവസാനിപ്പിക്കുന്നതാണ്. **ഏറ്റവും കൂടുതൽ തുക വിളിച്ച/ക്വട്ടേഷൻ തന്നയാൾ കൂടുതൽ വിളി കേട്ട തുകയുടെ 12 ഇരട്ടി സെക്യൂരിറ്റിയായി അടയ്ക്കേണ്ടതും ഈ തുകയുടെ 50% അന്നേദിവസംതന്നെ അടച്ച് രസീത് വാങ്ങേണ്ടതുമാണ്.** ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, നിരാകരിക്കുന്നതിനുമുള്ള പരമാധികാരം ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും. മാസവാടകയ്ക്ക് പുറമെ കറന്റ് ചാർജ്, വാട്ടർ ചാർജ്, ബിൽഡിംഗ് ടാക്സ്, മറ്റ് സർക്കാർ നികുതികൾ മുതലായവ ലേലക്കാരൻ വഹിക്കേണ്ടതാണ്. ലേലം അംഗീകരിച്ച് വരുന്ന മുറയ്ക്ക് ബാക്കിതുക അറിയിപ്പ് തീയതി മുതൽ 10 ദിവസത്തിനകം അടച്ച് നിയമാനുസൃതമായ എഗ്രിമെന്റ് വയ്ക്കേണ്ടതാണ്. വാട്ടർ കണക്ഷനും ഇലക്ട്രിസിറ്റി കണക്ഷനും വേണ്ടിയുള്ള സ്ഥിരം സംവിധാനത്തിലേക്ക് ദേവസ്വം ബോർഡിൽ നടപടി നടന്നുകൊണ്ടിരിക്കുന്നതിനാൽ ആയത് ലഭ്യമാകുന്നതുവരെ ലേലം കൊള്ളുന്ന വ്യക്തി താൽക്കാലിക കണക്ഷൻ സ്വന്തം ചെലവിൽ എടുത്തുപയോഗിക്കേണ്ടതാണ്. ലേലം കൊണ്ട വ്യക്തി ലേലത്തിൽ നിന്നും പിന്മാറുകയാണെങ്കിൽ ടിയാൻ ലേലസമയത്ത് കെട്ടിവച്ച നിരതദ്രവ്യം ഡിപ്പാർട്ടുമെന്റിൽ മുതൽകൂട്ടുന്നതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഓഫീസ് (ഫോൺ നമ്പർ:- 0471-2451837), എസ്റ്റേറ്റ് ഡിവിഷൻ ഓഫീസ് എന്നിവിടങ്ങളിൽ എല്ലാ പ്രവർത്തനസമയങ്ങളിലും അറിയാവുന്നതാണ്.

Sd/-

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**

തിരുവനന്തപുരം
18/03/2023